**HADIA CSE Khutba Notes (05.06.2019)**

## പരിസ്ഥിതി ദിനത്തിലെ പെരുന്നാൾ

ആദ്യമായി എന്റെ മുന്നിലിരിക്കുന്ന എല്ലാ വിശ്വാസികൾക്കും ഞാൻ ഹൃദ്യമായ ചെറിയ പെരുന്നാൾ ആശംസിക്കുകയാണ്.

സുഹൃത്തുക്കളേ, നിരവധി സദസ്സുകളിലും പൊതുവേദികളിലും നിത്യേനയെന്നോണം നാം പങ്കെടുക്കാറുള്ളതാണല്ലോ. അവയിൽ നിന്നെല്ലാം വ്യത്യസ്തമായി ഇന്നത്തെ നമ്മുടെ ഈ ഒത്തുചേരലിന് നിരവധി പ്രത്യേകതകൾ ഉണ്ടെന്ന് വ്യക്തമാണ്. ഉദാഹരണത്തിന്, ഇന്ന് ഇവിടെ പതിവിന് വിരുദ്ധമായി നിരവധി കുട്ടികളെ കാണാൻ സാധിക്കുന്നുണ്ട്. ഇന്ന് ഇവിടെ സംഘടിച്ച ഓരോ ആളുകളുടെയും മുഖത്ത് തികഞ്ഞ പ്രസന്നതയും സന്തോഷവും ദൃഷ്യമാണ്. ഇന്ന് പുതിയ ഉടയാടകൾ അണിഞ്ഞുകൊണ്ടാണ് നാമെല്ലാവരും പള്ളിയിൽ എത്തിയിരിക്കുന്നത്. കൂട്ടത്തിലെ ഒരു കാര്യം ഞാൻ പ്രത്യേകം എടുത്ത് പറയട്ടെ. ഇപ്പോൾ അന്തരീക്ഷത്തിലും വായുവിലുമാകെ അത്തറിന്റെയും സുഗന്ധത്തിന്റെയും പരിമളം പരന്നു കിടക്കുകയാണ്.

സുഗന്ധത്തിന് ഇസ്‌ലാം നൽകുന്ന പ്രാധാന്യം പ്രത്യേകം പരാമർശിക്കേണ്ട കാര്യമില്ലല്ലോ. നമ്മുടെ മാതൃക പ്രവാചകരാണ്. അവിടന്ന് അടിമുടി സുഗന്ധമായിരുന്നു.

**عن أَنَس رضي الله عنه، قَالَ: مَا مَسِسْتُ حَرِيرًا وَلاَ دِيبَاجًا أَلْيَنَ مِنْ كَفِّ النَّبِيِّ صلى الله عليه وسلم، وَلاَ شَمِمْتُ رِيحًا قَطُّ أَوْ عَرْفًا قَطُّ أَطْيَبَ مِنَ رِيحِ أَوْ عَرْفِ النَّبِيِّ صلى الله عليه وسلم (بخاري) و في روية : ولا شَمِمتُ مِسْكَة ، ولا عَبِيرَة أَطْيبَ رَائِحة من رائحةِ رسولِ الله.**
**محمد بن علي بن أبي طالب - رحمه الله - : قال : سألت عائشة : «أكان رسولُ الله -صلى الله عليه وسلم- يتطيَّبُ ؟ قالت: نعم ، بِذِكَارَةِ الطِّيب : المِسْكِ والعَنْبَرِ» (النسائي)**
**عن جَابِرِ بْنِ سَمُرَةَ قال * صَلَّيْتُ مع رسول اللَّهِ صلى اللَّهُ عليه وسلم الْأُولَى ثُمَّ خَرَجَ إلى أَهْلِهِ وَخَرَجْتُ معه فَاسْتَقْبَلَهُ وِلْدَانٌ الْمَدِينَةِ فَجَعَلَ يَمْسَحُ خَدَّيْ أَحَدِهِمْ وَاحِدًا وَاحِدًا قال وَأَمَّا فَمَسَحَ خَدِّي فَوَجَدْتُ لِيَدِهِ بَرْدًا وَرِيحًا كَأَنَّمَا أَخْرَجَهَا من جُونَةِ عَطَّارٍ صلى اللَّهُ عليه وسلم (متفق عليه)**
**عَنْ أَنَسِ بْنِ مَالِكٍ قَالَ كَانَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَدْخُلُ عَلَى أُمِّ سُلَيْمٍ فَتَبْسُطُ لَهُ نِطْعًا فَيَقِيلُ عَلَيْهِ فَتَأْخُذُ مِنْ عَرَقِهِ فَتَجْعَلُهُ فِي طِيبِهَا وَتَبْسُطُ لَهُ الْخُمْرَةَ فَيُصَلِّي عَلَيْهَا (احمد)**
**أنس بن مالك - رضي الله عنه - : قال : قال رسول الله -صلى الله عليه وسلم- : «حُبِّبَ إليَّ : الطِّيبُ ، والنساء ، وجُعِل قُرَّةُ عَيْني في الصلاة» (النسائي)**
**عَائِشَةَ، قَالَتْ: كَأَنِّي أَنْظُرُ إِلَى وَبِيصِ الطِّيبِ فِي مَفْرِقِ النَّبِيِّ صلى الله عليه وسلم وَهُوَ مُحْرِم (بخاري)**
**أنس بن مالك - رضي الله عنه - : قال : «كانت لرسولِ الله -صلى الله عليه وسلم- سُكَّةٌ يتطَيَّب منها». (أبو داود)**

അതുകൊണ്ട് വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഒഴിവാക്കാൻ പറ്റാത്തതാണ് സുഗന്ധം.

**عن أبي هريرة - رضي الله عنه - : قال : سمعتُ رسولَ الله -صلى الله عليه وسلم- يقول : «من عُرِضَ عليه طِيب فلا يردَّه فإنه طَيِّب الريح ، خفي المَحْمل».أخرجه أبو داود، وزاد النسائي : «وإِنهُ خرج من الجنة» (مسلم)**

**عن عبد الرحمن بن أبي سعيد عن أبيه عن رسول الله صلى الله عليه و سلم قال : إن الغسل يوم الجمعة على كل محتلم والسواك وأن يمس من الطيب ما يقدر عليه (النسائي)**

**أبو أيوب الأنصاري - رضي الله عنه - : قال : قال رسولُ الله -صلى الله عليه وسلم- : «أَربَع مِنْ سُنَنِ المُرسَلين : الحياء ، والتَّعطُّر ، والنكاح ، والسواك» (ترمذي)**

ജീവിതത്തിൽ മാത്രമല്ല, മരണത്തിലും സുഗന്ധം വിശ്വാസികളുടെ കൂട്ടുകാരനാണ്.

## പരിസ്ഥിതി ദിനത്തിലെ പെരുന്നാൾ

**ثُمَّ قَالَ : اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عَذَابِ الْقَبْرِ ثُمَّ قَالَ : إِنَّ الرَّجُلَ الْمُسْلِمَ إِذَا كَانَ فِي قُبُلٍ مِنَ الْآخِرَةِ وَانْقِطَاعٍ مِنَ الدُّنْيَا جَاءَ مَلَكُ الْمَوْتِ فَقَعَدَ عِنْدَ رَأْسِهِ ، وَيَنْزِلُ مَلَائِكَةٌ مِنَ السَّمَاءِ كَأَنَّ وُجُوهَهُمُ الشَّمْسُ مَعَهُمْ أَكْفَانٌ مِنْ أَكْفَانِ الْجَنَّةِ وَحَنُوطٌ مِنْ حَنُوطِ الْجَنَّةِ (حاكم)**

ഇത് ഇപ്പോൾ പ്രത്യേകം പരാമർശിക്കാനുള്ള കാരണം, ഇന്ന് ജൂൺ 5, ലോക പരിസ്ഥിതി ദിനമാണ്. പരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ച് അവബോധം വരുത്താനും വിവിധ കർമ പരിപാടികൾ ആസൂത്രണം ചെയ്യാനുമാണ് ഐക്യരാഷ്ട്രസഭ 1972 മുതൽ എല്ലാ ജൂൺ 5നും പരിസ്ഥിതി ദിനം ആചരിക്കാൻ തുടങ്ങിയത്. മരങ്ങൾ സംരക്ഷിക്കുക, വനപ്രദേശങ്ങൾ വിസ്തൃതമാക്കുക, അങ്ങനെ പാരിസ്ഥിതിക സന്തുലനവും കാലാവസ്ഥ സുസ്ഥിരതയും ഉറപ്പാക്കുക തുടങ്ങിയവയാണ് പ്രസ്തുത ദിനാചരണത്തിന്റെ ലക്ഷ്യം.

ഓരോ വർഷത്തെയും പരിസ്ഥിതി ദിനത്തോടൊപ്പം ഒരു പ്രത്യേക മുദ്രാവക്യവും യു.എൻ ഉയർത്തിപ്പിടിക്കാറുണ്ട്. ഇക്കൊല്ലത്തെ -അഥവാ ഇന്നത്തെ ദിനത്തിന്റെ- മുദ്രാവാക്യം പ്രതിരോധിക്കാം വായുമലിനീകരണം (Beat air polution) എന്നാണ്. കാരണം, ഓരോ വർഷവും 70 ലക്ഷം ആളുകളാണ് വായുമലിനീകരണം കാരണം മരിക്കുന്നത്. ഇന്ന് ലോകത്ത് 92% ആളുകൾക്കും ശുദ്ധവായു ലഭ്യമല്ല. പക്ഷാഘാതം, ഹൃദ്രോഗം, ശ്വാസകോശ അർബുദം അടക്കമുള്ള ശ്വാസകോശ രോഗങ്ങൾ എല്ലാം വർധിക്കാനുള്ള പ്രധാന കാരണം വായുമലിനീകരണമാണ്. ഇവിടെയാണ് അന്തരീക്ഷവും പരിസരവും ശരീരവും വൃത്തിയായും സുഗന്ധപൂരിതമായും കൊണ്ടുനടക്കണമെന്ന ഇസ്‌ലാമിന്റെ അധ്യാപനം വളരെ പ്രസക്തമാകുന്നത്.

ഫോസിൽ ഇന്ധനങ്ങൾ, കൽക്കരി നിലയങ്ങൾ, ഫാക്ടറികൾ, കീടനാശിനികൾ, വാഹനങ്ങൾ തുടങ്ങിയവയാണ് ഇന്നത്തെ വായു മലിനീകരണത്തിന്റെ ഉത്തരവാദികൾ. നമ്മിൽ എത്ര പേർ അവരവരുടെ വാഹനങ്ങളുടെ പുക കൃത്യമായി പരിശോധിക്കാറുണ്ടെന്ന് നോക്കിയാൽ മാത്രം മതി, വായു മലിനീകരണത്തിൽ നമ്മുടെ ഓരോരുത്തരുടെയും പങ്ക് മനസ്സിലാക്കാൻ.

എന്നാൽ, ഇസ്‌ലാം നിസ്സാരമെന്ന് കരുതുന്ന തരത്തിൽ പോലും വായു മലിനീകരിക്കരുതെന്ന് ലോകത്തോട് ആഹ്വാനം ചെയ്തു.

**عن ابْنِ عُمَرَ، أَنَّ النَّبِيَّ صلى الله عليه وسلم قَالَ فِي غَزْوَةِ خَيْبَرَ: مَنْ أَكَلَ مِنْ هذِهِ الشَّجَرَةِ يَعْنِي الثُّومَ فَلاَ يَقْرَبَنَّ مَسْجِدَنَا (بخاري)**

**عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنَّهُ كَانَ يَقُولُ الْبُصَاقُ فِي الْمَسْجِدِ خَطِيئَةٌ قَالَ نَعَمْ وَكَفَّارَتُهُ دَفْنُهُ (احمد)**
**عن معاذ بن جبل قال : قال رسول الله صلى الله عليه و سلم : اتقوا الملاعن الثلاث : البراز في الموارد و قارعة الطريق و الظل للخرأة (حاكم)**
**عَنْ عَائِشَةَ أَنَّهَا جَعَلَتْ لِلنَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ بُرْدَةً سَوْدَاءَ مِنْ صُوفٍ فَذَكَرَ سَوَادَهَا وَبَيَاضَهُ فَلَبِسَهَا فَلَمَّا عَرِقَ وَجَدَ رِيحَ الصُّوفِ قَذَفَهَا وَكَانَ يُحِبُّ الرِّيحَ الطَّيِّبَةَ (احمد)**

ചുരുക്കത്തിൽ അന്തരീക്ഷം മലിനീകരിക്കാൻ ഉള്ളതല്ലെന്ന് ലോകത്തോട് വിളിച്ചു പറയാൻ അത്തറിന്റെ നിറം പുരണ്ട പെരുന്നാളിനെക്കാൾ നല്ല ഒരു ദിവസം വേറെയുണ്ടോ? ശുദ്ധമായ വായു അല്ലാഹുവിന്റെ വലിയ ഒരു അനുഗ്രഹമാണ്. അത് നമ്മൾ നശിപ്പിക്കരുത്.

**لَقَدْ كَانَ لِسَبَإٍ فِي مَسْكَنِهِمْ آيَةٌ جَنَّتَانِ عَنْ يَمِينٍ وَشِمَالٍ كُلُوا مِنْ رِزْقِ رَبِّكُمْ وَاشْكُرُوا لَهُ بَلْدَةٌ طَيِّبَةٌ وَرَبٌّ غَفُورٌ (سورة السبا) ليس فيها سباخ ولا بعوضة ولا ذبابة ولا برغوث ولا عقرب ولا حية ولا قملة وإن مرَّ الغريب فيها وفي ثيابه قمل فيموت لطيب هوائها (تفسير جلالين)**
**سعيد بن المسيب - رحمه الله - : سَمِعَ يقول : «إن الله طَيِّبٌ يحبُّ الطَّيب ، نظِيفٌ يحب النظافة ، كريمٌ يحب الكرم ، جوادٌ يحب الجُودَ ، فَنَظِّفُوا - أراه قال: أَفْنِيَتَكُم- ولا تَشَبَّهُوا باليهود».قال : فذكرتُ ذلك**

## പരിസ്ഥിതി ദിനത്തിലെ പെരുന്നാൾ

**لمُهَاجِرِ بن مِسمارٍ ، فقال : حدَّثَنيه عامرُ ابن سعد عن أبيه عن النبيِّ -صلى الله عليه وسلم- مثله ، إِلا أنه قال : «نَظِّفُوا أَفنيَتَكم».أخرجه الترمذي.**
**عن نافع - مولى ابن عمر - رضي الله عنهم - : قال : «كان ابن عمرَ يَسْتَجمِرُ بالأَلُوَّةِ غير مُطَرَّاةٍ ، وبكافُورٍ يَطرَحهُ مع الأَلُوَّةِ ، ويقول : هكذا كانَ يَسْتَجْمِرُ رسول الله -صلى الله عليه وسلم-» (أَخرجه مسلم والنسائي)**


ഖുതുബ നോട്ട്സ്

**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519

csehadia@gmail.com I www.hadia.in

**For any clarification: Mob: 9496445823**